# ജില്ലാആശുപത്രിവടകര

കോഴിക്കോട്ജില്ല,വടകര–673 101

☎0496 2524259 ✉dhvatakara@gmail.com


നമ്പർ സി3–4362/2023 തീയ്യതി :14.08.2023

## ക്വട്ടേഷൻ/ലേല പരസ്യം

വടകര ജില്ലാ ആശുപത്രി സ്റ്റോറിന്റെ അധീനതയിൽ സൂക്ഷിച്ചിരിക്കുന്നതും ചുവടെ കാണിച്ചിരിക്കുന്നതുമായ സാധനങ്ങൾ വിൽക്കുന്നതിനായി മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നതിനും ലേലം നടത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.

## വിൽക്കാനുള്ള സാധനങ്ങളുടെ പട്ടിക

20 ലിറ്ററിന്റെ പ്ലാസ്റ്റിക് കാൻ– 2000 എണ്ണം

ക്വട്ടേഷനുകൾ 22.08.2023 രാവിലെ 11.30 വരെ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിക്ക് ആശുപത്രി കോൺഫറൻസ് ഹാളിൽ വച്ച് മേൽ സാധനങ്ങൾ പരസ്യലേലം ചെയ്യുന്നതാണ്. പ്രസ്തുത ലേലത്തിൽ ക്വട്ടേഷനുകൾ സമർപ്പിച്ചവർക്കും ക്വട്ടേഷനുകൾ സമർപ്പിക്കാത്തവർക്കും 1000/–രൂപ (ആയിരം രൂപ മാത്രം) നിരതദ്രവ്യം അടച്ച് വ്യക്തി/ സ്ഥാപനത്തിന് പങ്കെടുക്കാവുന്നതാണ്. പരസ്യലേലം അവസാനിച്ചശേഷം, ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ലേലത്തിലോ അല്ലെങ്കിൽ ക്വട്ടേഷനിലോ (രണ്ടും കൂടി ഒരുമിച്ച് പരിഗണിക്കുമ്പോൾ) ഏറ്റവും ഉയർന്ന തുക വിളിച്ച/രേഖപ്പെടുത്തിയ വ്യക്തിയുടേയോ സ്ഥാപനത്തിന്റേയോ പേരിൽ, ക്വട്ടേഷൻ/ലേല തുകയും നിയമാനുസൃത ചാർജുകളും അടക്കുന്ന മുറയ്ക്ക് ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച വ്യക്തി, ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേല സാധനങ്ങൾ അവ ഏത് അവസ്ഥയിലാണോ ആ അവസ്ഥയിൽ രോഗികൾക്കോ ജീവനക്കാർക്കോ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കോ യാതൊരു ബുദ്ധിമുട്ടും വരുത്താതെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ (പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ 5മണി വരെ) നീക്കം ചെയ്യേണ്ടതാണ്. ആശുപത്രി പരിസരത്ത് വെച്ച് വിളിച്ച സാധനങ്ങൾ മറുലേലം ചെയ്യാൻ പാടില്ല.

മേൽ നിബന്ധനകൾക്ക് വീഴ്ച വരുത്തുന്ന പക്ഷം ലേലം/ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും, ടിയാൾ അടച്ച തുക സർക്കാറിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം വിളിക്കുന്നതുമായിരിക്കും.

വിൽക്കാനുദ്ദേശിക്കുന്ന സാധനങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5മണി വരെ സമയങ്ങളിൽ നേരിട്ട് കണ്ട് ബോധ്യപ്പെടാവുന്നതാണ്.

മതിയായ തുക ലഭിക്കാതെ വരുന്ന സാഹചര്യത്തിലോ, മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദാക്കാനോ മാറ്റി വയ്ക്കുവാനോ ഉള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. വ്യവസ്ഥകൾ പാലിക്കാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്. (ഫോൺ.04962524259)

സൂപ്രണ്ട്

പകർപ്പ്

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (വെബ്സൈറ്റ് പ്രസിദ്ധീകരിക്കുന്നതിന്)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കോഴിക്കോട്
3. സെക്രട്ടറി വടകര നഗരസഭ
4. തഹസിൽദാർ താലൂക്ക് ഓഫീസ് വടകര
5. വില്ലേജ് ഓഫീസർ,വില്ലേജ് ഓഫീസ് വടകര
6. ലേ സെക്രട്ടറി& ട്രഷറർ
7. ഫയൽ/കരുതൽ ഫയൽ